തുഞ്ചത്ത് എഴുത്തച്ഛൻ
മലയാള സർവ്വകലാശാല
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502
ഇമെയിൽ – admission@temu.ac.in
ഫോൺ – 9188 023 237

നമ്പർ–924/2025/ബി–2/അഡ്മിൻ

തിയ്യതി : 30–05–2025

# ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന വിജ്ഞാപനം (2025–26)

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ 2025–26 അധ്യയനവർഷത്തിലെ താഴെ കൊടുത്തിരിക്കുന്ന ബിരുദനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള വിജ്ഞാപനം.

| നമ്പർ | പ്രോഗ്രാം | സീറ്റ് |
|---|---|---|
| 1 | എം.എ. ഭാഷാശാസ്ത്രം | 20 |
| 2 | എം.എ. മലയാളം (സാഹിത്യപഠനം) | 20 |
| 3 | എം.എ. മലയാളം (സാഹിത്യരചന) | 20 |
| 4 | എം.എ. മലയാളം (സംസ്കാര പൈതൃകം) | 20 |
| 5 | എം.എ. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ | 20 |
| 6 | എം.എ. പരിസ്ഥിതിപഠനം | 10 |
| 7 | എം.എസ് സി. പരിസ്ഥിതി പഠനം | 10 |
| 8 | എം എ. വികസനപഠനവും തദ്ദേശവികസനവും | 20 |
| 9 | എം.എ. ചരിത്രം | 20 |
| 10 | എം.എ. സോഷ്യോളജി | 20 |
| 11 | എം.എ. ചലച്ചിത്രപഠനം | 20 |
| 12 | എം. എ. താരതമ്യ സാഹിത്യ– വിവർത്തനപഠനം | 20 |
| | **ആകെ** | 220 |

സർവകലാശാല നടത്തുന്ന അഭിരുചിനിർണയപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും എല്ലാ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനം. ഒരാൾക്ക് പരമാവധി മൂന്നു വിഷയങ്ങൾക്കുള്ള പ്രവേശനപരീക്ഷ എഴുതാവുന്നതാണ്.

വിവിധ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാനുള്ള യോഗ്യത, പ്രായപരിധി, അപേക്ഷ സമർപ്പിക്കേണ്ട രീതി, ഫീസ് നിരക്ക് എന്നിവ ഉൾകൊള്ളുന്ന വിശദമായ പ്രോസ്പെക്റ്റസ്, അപേക്ഷ ഫോറം, മറ്റു വിശദ വിവരങ്ങൾ എന്നിവ സർവകലാശാലയുടെ ഔദ്യോഗിക വെബ് സൈറ്റിൽ **[www. malayalamuniversity.edu.in]** പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ ശ്രദ്ധാപൂർവ്വമേ അപേക്ഷാസമർപ്പണം നടത്താവൂ. അപേക്ഷയിലെ അപാകതകൾമൂലം പ്രവേശനം നഷ്ടപ്പെടുന്ന സാഹര്യമുണ്ടായാൽ മുഴുവൻ ഉത്തരവാദിത്തവും അതത് അപേക്ഷകർക്കായിരിക്കും. **സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർഥികൾ എടുത്ത് സൂക്ഷിച്ചു വെക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്.**

റാങ്ക് ലിസ്റ്റ്, അഡ്മിഷൻ ഷെഡ്യൂൾ, അഡ്മിഷൻ മെമ്മോ, പ്രവേശനപരീക്ഷാ വിശദാംശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാന അറിയിപ്പുകൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ നിർദ്ദേശങ്ങൾ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

പാലിക്കേണ്ടതാണ്. അലോട്ട്മെന്റ്/ അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവ്വകലാശാല നൽകുന്നതല്ല.

പ്രവേശനം സംബന്ധമായ എല്ലാ ആശയവിനിമയങ്ങളും "admission@temu.ac.in" എന്ന ഇമെയിൽ വിലാസത്തിൽ മാത്രമായിരിക്കും.

## ഓൺലൈൻ അപേക്ഷാഫീസ് നിരക്കുകൾ

ഒരാൾക്ക് പരമാവധി മൂന്നു പ്രോഗ്രാമുകൾക്കുള്ള പ്രവേശനപരീക്ഷ എഴുതാവുന്നതാണ്. അപേക്ഷാഫീസ്

1) ഒരു പ്രോഗ്രാമിന് അപേക്ഷിക്കുന്നതിന് – 475 രൂപ
   [പട്ടികജാതി / പട്ടികവർഗ്ഗം /ഭിന്നശേഷി വിഭാഗക്കാർക്ക് 240 രൂപ]
2) രണ്ട് പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്നതിന് – 900 രൂപ
   [പട്ടികജാതി/പട്ടികവർഗ്ഗം /ഭിന്നശേഷി വിഭാഗക്കാർക്ക് 450 രൂപ]
3) മൂന്ന് പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്നതിന് – 1,100 രൂപ
   [പട്ടികജാതി/പട്ടികവർഗ്ഗം /ഭിന്നശേഷി വിഭാഗക്കാർക്ക് 600 രൂപ]

ഫീസ് ഓൺലൈൻ വഴി മാത്രമാണ് അടക്കേണ്ടത്. ഫീസ് അടയ്ക്കാനുള്ള ലിങ്ക് സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

- **അഭിരുചി പരീക്ഷ ജൂൺ മാസത്തിൽ നടത്തുന്നതാണ്.**
- **അഭിരുചി പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റുകൾ ഇ–മെയിൽ വഴി ലഭ്യമാക്കുന്നതാണ്.**
- **പരീക്ഷാകേന്ദ്രം, പരീക്ഷാതീയതി, സമയം എന്നിവ ഹാൾ ടിക്കറ്റിൽ ഉണ്ടായിരിക്കും**

## പ്രധാന തീയതികൾ

| നമ്പർ | വിവരണം | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നത് | **30-04-2025** |
| 2 | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്നത് | **15-06-2025** |

**ഒപ്പ്**
**പ്രൊഫ (ഡോ) കെ എം ഭരതൻ**
**രജിസ്ട്രാർ ഇൻ ചാർജ്ജ്**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല